(ഇ) മായം ചേർക്കൽ നിരോധന നിയമം റൂൾ 42 അനുസരിച്ച് പാൻമസാല, സുപാരി, മുതലായ വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് മുന്നറിയിപ്പോടുകൂടി വിൽപ്പന നടത്തുന്നവയുടെ പട്ടികയിൽ വരുന്ന വസ്തുക്കളാണ്. മായം ചേർക്കൽ നിരോധന നിയമം ഭേദഗതി വരുത്തേണ്ടത് കേന്ദ്ര ഗവൺമെന്റ് ആണ്.

24 (*23) പൊതുവിതരണ കേന്ദ്രങ്ങൾ വഴി സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി റേഷൻ കടകളിൽകൂടി നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) വിലക്കയറ്റം തടയുവാൻ അരി, മണ്ണെണ്ണ, പഞ്ചസാര, ഗോതമ്പ്, മൈദ, റവ എന്നിവയ്ക്ക് പുറമേ പലവ്യഞ്ജനം, വെളിച്ചെണ്ണ, സോപ്പ് എന്നിവ കൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിലക്കയറ്റം തടയുവാനും റേഷൻ വ്യാപാരികളുടെ ക്ഷേമം ലക്ഷ്യമാക്കിയും റേഷൻ സാധനങ്ങൾക്കു പുറമേ മറ്റു നിത്യോപയോഗ സാധനങ്ങളും റേഷൻ കടകളിൽ കൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വെളിച്ചെണ്ണ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലിസ്റ്റോറുകൾ വഴിയും റേഷൻ കടകൾ വഴിയും വില്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

25 (*24) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു :

ഡോക്ടർ കെ.സി.ജോസഫ് :

ശ്രീ.പി.സി.ജോർജ് :

ശ്രീ.ടി.എസ്.ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തമിഴ്നാട് സർക്കാർ ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രശ്നം സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ചർച്ച ചെയ്യുവാൻ പരിപാടിയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സംഘം ഈയിടെ മുല്ലപ്പെരിയാർ സന്ദർശിച്ചപ്പോൾ അക്കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നുവോ;

(ഡി) സംഘത്തിന്റെ മുൻപിൽ സർക്കാരിന്റെ വാദഗതികൾ അവതരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഇ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്രവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) ഇല്ല.

(ബി) അണക്കെട്ടിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച് പ്രവർത്തനങ്ങളോ ചർച്ചയോ നടന്നിട്ടില്ല. അണക്കെട്ടിലെ ജലനിരപ്പ് ഇപ്പോഴത്തെ 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കണമെന്നതാണ് തമിഴ്നാട് ആവശ്യപ്പെടുന്നത്. ഇതു സംബന്ധിച്ച് അടുത്ത കാലത്ത് 13-8-98-ലും 5-4-2000 ത്തിലും ചർച്ച നടന്നിരുന്നു. കേരളത്തിലെ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണി ഉയർത്തുന്ന പ്രശ്നമാകയാൽ 136 അടിയിൽ നിന്ന് ജലനിരപ്പ് ഉയർത്താൻ യാതൊരു കാരണവശാലും അനുവദിക്കാനാവില്ല എന്ന സംസ്ഥാന നിലപാടിൽ ഉറച്ചു നിന്നതിനാലും യോജിപ്പിലെത്താൻ സാധിച്ചില്ല. പ്രശ്നം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ഇപ്പോൾ ഇനിയൊരു ചർച്ച പരിഗണനയിലില്ല.

(സി) അറിയിച്ചിരുന്നു.

(ഡി) കേന്ദ്ര വിദഗ്ദ്ധ സമിതിയിലെ കേരളത്തിന്റെ പ്രതിനിധി ശ്രീ.എം.കെ. പരമേശ്വരൻ നായർ ഡാമിന്റെ ബലം സംബന്ധിച്ച് കേരളത്തിനുള്ള ആശങ്കയുടെ ശാസ്ത്രീയമായ/ സാങ്കേതികമായ അടിസ്ഥാനം സമിതിയെ ബോദ്ധ്യപ്പെടുത്തി. സാങ്കേതിക തടസവാദങ്ങൾക്കു പുറമേ, വനം-പരിസ്ഥിതി അസന്തുലിതാവസ്ഥ, ആദിവാസി സെറ്റിൽമെന്റുകൾ ഒഴിപ്പിക്കൽ എന്നീ പ്രശ്നങ്ങളും വിദഗ്ദ്ധ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

(ഇ,എഫ്) മുല്ലപ്പെരിയാർ പ്രശ്നം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടക്കാല റിപ്പോർട്ട് കേന്ദ്രം കോടതിയിൽ സമർപ്പിച്ചു. അതിൻമേൽ സംസ്ഥാനങ്ങളുടെ അഭിപ്രായം കോടതി ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പരിരക്ഷിക്കാൻ പര്യാപ്തമായ രീതിയിൽ ഡാമിന്റെ ബലം ഉറപ്പാക്കൽ, വനം-പരിസ്ഥിതി-വന്യജീവിസംരക്ഷണം, ആദിവാസി കുടിയിറക്ക് എന്നിവയെല്ലാം പരിഗണിച്ചുകൊണ്ട് വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly